# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2565** | **27/01/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ജീവൻരക്ഷാ മരുന്നുകൾ

**ചോദ്യം**

**ശ്രീ. ഇ. പി. ജയരാജൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | 2010-11, 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്ന വാങ്ങുവാൻ എന്ത തുക ചിലവഴിച്ച ; | (എ) | 2010-11 ൽ 155.45 കോടി രൂപയുടെ മരുന്നുകളും 2011-12 ൽ 177.37 കോടി രൂപയുടെ മരുന്നുകളും, 2012-13 ൽ 310.55 കോടി രൂപയുടെ മരുന്നുകളും, 2013-14 ൽ നാളിതുവരെ 186 കോടി രൂപയുടെയും മരുന്നുകൾ കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്. |
| (ബി) | ഓരോ വർഷവും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എന്ത തുകയുടെ മരുന്ന വാങ്ങിയെന്നും സ്വകാര്യ മേഖലാ മരുന്ന കമ്പനികളിൽ നിന്നും എത്ര രൂപയുടെ മരുന്ന വാങ്ങിയെന്നും വ്യക്തമാക്കുമോ ; | (ബി) | മേൽ സൂചിപ്പിച്ച സാമ്പത്തിക വർഷങ്ങളിൽ കോർപ്പറേഷൻ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ മേഖലാ മരുന്നു കമ്പനികളിൽ നിന്നും ഓരോ വർഷവും എത്ര രൂപയുടെ മരുന്നു വാങ്ങി എന്നതിന്റെ കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | പൊതുമേഖല | സ്വകാര്യ മേഖല |
|---|---|---|
| 2010-11 | 41.78 | 113.67 |
| 2011-12 | 35.84 | 141.53 |
| 2012-13 | 25.18 | 285.37 |
| 2013-14 | 17.91 | 168.09 |

| | | | |
|---|---|---|---|
| (സി) | 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എം.എസ്.സി.എൽ വാങ്ങിയ ജീവൻരക്ഷാ മരുന്നുകളുടെ പട്ടികയും എന്ത തുകയുടെ ജീവൻ രക്ഷാ മരുന്നുകൾ വാങ്ങിയെന്നും വ്യക്തമാക്കുമോ ; | (സി) | 2010-11 ൽ 155.45 കോടി രൂപയുടെ മരുന്നുകളും 2011-12 ൽ 177.37 കോടി രൂപയുടെ മരുന്നുകളും, 2012-13 ൽ 310.55 കോടി രൂപയുടെ മരുന്നുകളും, 2013-14 ൽ നാളിതുവരെ 186 കോടി രൂപയുടെയും മരുന്നുകളും കോർപ്പറേഷൻ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കോർപ്പറേഷൻ മുഖേന സംഭരിച്ച ജീവൻരക്ഷാ മരുന്നുകളുടെ പട്ടിക **അനുബന്ധ**മായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | കെ.എം.എസ്.സി.എൽ വാങ്ങുന്ന ജീവൻരക്ഷാ മരുന്നുകളുടെ 2013-14-ലെ പട്ടിക തയ്യാറാക്കിയപ്പോൾ നിരവധി മരുന്നുകൾ ഒഴിവാക്കിയതെന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ? | (ഡി) | സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് അനുസരിച്ചുള്ള മരുന്നുകൾ വാങ്ങി സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് സംഭരിച്ച് വിതരണം ചെയ്യുന്നത് കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷൻ മുഖേനയാണ്. 2012-13 സാമ്പത്തിക വർഷത്തിൽ അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ട 518 ഇനം അവശ്യ മരുന്നുകൾക്കാണ് (EDL) കോർപ്പറേഷൻ ഇൻഡന്റ് ക്ഷണിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും എല്ലാ യിനം ജനറിക് മരുന്നുകളും സൗജന്യമായി നൽകുന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റാഷണൽ ഡ്രഗ്ഗ് ലിസ്റ്റ് (RDL) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും 2012 നവംബർ 1 ന് ആരംഭിച്ച ഈ പദ്ധതിയുടെ മരുന്നു പട്ടിക തയ്യാറാക്കിയത് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പു മേധാവികൾ ഉൾപ്പെട്ട കമ്മറ്റിയാണ്. സമയബന്ധിതമായി തയ്യാറാക്കിയ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ മരുന്നിന്റെയും, എല്ലാ ജില്ലകളിലേയും യഥാർത്ഥ ഉപഭോഗം കൃത്യമായി ലഭ്യമല്ലായിരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രാഥമികാരോഗ്യതലം വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും 2013 ഒക്ടോബർ 2 ന് വ്യാപിപ്പിച്ചിരുന്നു. ഇതുകൂടാതെ കാൻസർ രോഗചികിത്സയ്ക്കുള്ള 107 ഇനം മരുന്നുകളും കോർപ്പറേഷന്റെ സംഭരണ വിതരണ പട്ടികയിൽ ലഭ്യമായിരുന്നു. 2013-14 ലെ മരുന്നു പട്ടികയിലും ഇതേ മരുന്നുകൾ മാറ്റമില്ലാതെ തുടർന്നു. |

| | | | |
|---|---|---|---|
| | | | മേൽ പ്രസ്താവിച്ച പട്ടികകളിൽ ഉൾപ്പെട്ട ചില മരുന്നുകൾ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ഒരു ലിസ്റ്റിൽ വരുന്ന മരുന്നുകൾ തന്നെ പല സ്ട്രെംങ്തിൽ മറ്റു ലിസ്റ്റിലും ഉൾപ്പെടുക തുടങ്ങിയ കാരണങ്ങളാൽ, ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ഡയറക്ടർമാരുടെ നിർദ്ദേശമനുസരിച്ചാണ് 2014-15 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ മുഖേന സംഭരിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് പരിഷ്ക്കരിച്ചത്. ഇതനുസരിച്ച് ജനറൽ മരുന്നു പട്ടികയിലെ 698 ഇനം മരുന്നുകളും, കാൻസർ രോഗ ചികിത്സയ്ക്കുള്ള 73 ഇനം മരുന്നുകളും ഉൾപ്പെടെ 771 ഇനം മരുന്നുകളാണ് 2014-15 സാമ്പത്തിക വർഷത്തിൽ സംഭരിക്കാൻ തീരുമാനിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**